## തിരുവനന്തപുരംജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ കണ്ടക്റ്റഡ് ടൂർ ആരംഭിച്ചുകഴിഞ്ഞു.

**തിരുവനന്തപുരം**: കേരള പിറവി ദിനത്തിൽ തിരുവനന്തപുരം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ കണ്ടക്റ്റഡ് ടൂർ ബഹു.ടൂറിസം, സഹകരണം, ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. ഡി.റ്റി. പി.സി എക്സിക്യൂട്ടീവ് അംഗമായ ബഹു,സത്യൻ എം.എൽ.എ മുഖ്യഅതിഥി ആയിരുന്നു. തിരുവനന്തപുരത്തെ മുഖ്യ ടൂറിസം കേന്ദ്രങ്ങൾ കോർത്തിണക്കി അനന്തപുരി ദർശനം എന്ന പേരിൽ പത്മനാഭ സ്വാമി ക്ഷേത്രം, കുതിരമാളിക, വാക്സ് മ്യൂസിയം, മ്യൂസിയം ആർട്ട് ഗ്യാലറി, പ്ലാനറ്റേറിയം, വേളി, ശംഖു മുഖം, കോവളം എന്നിവിടങ്ങൾ ഉൾപ്പെടുത്തിയാണ് യാത്ര ആരംഭിച്ചത്. തുടർന്നുള്ള ദിവസങ്ങളിൽ നെയ്യാർഡാം എലിഫന്റ് സഫാരി, കന്യാകുമാരി, പൊൻമുടി എന്നീ ടൂറിസ്റ്റു കേന്ദ്രങ്ങൾ സന്ദർശിക്കുകയാണ്.

**നെയ്യാർഡാം എലിഫന്റ് സഫാരി : രൂപ.750/- (ഭക്ഷണം ഉൾപ്പെടെ).**

രാവിലെ 8 മണിക്ക് നെയ്യാർഡാം എലിഫന്റ് സഫാരി യാത്ര ആരംഭിക്കും. ഈ യാത്രയിൽ കോട്ടൂർ എലിഫന്റ് പാർക്ക്, ഡിയർ പാർക്ക്, ശിവാനന്ത ആശ്രമം, നെയ്യാർഡാം ബോട്ടിംഗ്, ശാസ്താം പാറ എന്നിവ ഉൾപ്പെടുത്തിയി രിക്കുന്നു.

**ത്രിവേണി സംഗമം (കന്യാകുമാരി).: രൂപ.1200/- (ഭക്ഷണം ഉൾപ്പെടെ).**

രാവിലെ 7.30 മണിക്ക് ത്രിവേണി സംഗമം യാത്ര ആരംഭിക്കും. ഈ യാത്ര യിൽ പത്മനാഭപുരം കൊട്ടാരം, കന്യാകുമാരി വിവേകാനന്ദപാറ, തിരുവള്ളു വർ പ്രതിമ, ഗാന്ധി മണ്ഡപം, ദേവി ക്ഷേത്ര ദർശനം, വട്ടക്കോട്ട എന്നീ സ്ഥ ലങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്..

**പൊൻമുടി.: രൂപ.1200/- (ഭക്ഷണം ഉൾപ്പെടെ).**

രാവിലെ 8 മണിക്ക് പൊൻമുടി ഫോറസ്റ്റ് ട്രയൽ യാത്ര ആരംഭിക്കും. ഈ യാത്രയിൽ മീൻമുട്ടി വെള്ളച്ചാട്ടം, പൊൻമുടി, പേപ്പാറ ഡാം എന്നീസ്ഥല ങ്ങൾ സന്ദർശിക്കും.